(ഡി) ഇക്കോടൂറിസം മേഖലയിലെ ടൂറിസ്റ്റുകളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് കണക്കിലെടുത്ത് സംസ്ഥാനത്തെ 105 സ്ഥലങ്ങളിൽ ഇക്കോ ടൂറിസത്തിന്റെ വികസന സാധ്യതകൾ കണ്ടെത്തി വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

**ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജ് മ്യൂസിക്കൽ ഫൗണ്ടൻ**

**337 (1003)** <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രമായി വികസിച്ചുകൊണ്ടിരിക്കുന്ന ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജിൽ മ്യൂസിക്കൽ ഫൗണ്ടൻ സ്ഥാപിക്കുന്നതിനായി സമർപ്പിച്ച പ്രോജക്ടിൽ ഇതുവരെ സ്വീകരിച്ച നടപടി വിശദമാക്കാമോ ;

(ബി) ഈ പദ്ധതിയുടെ ഫീസിബിലിറ്റി സ്റ്റഡി പൂർത്തിയായതാണോ ; വിശദമാക്കുമോ ;

(സി) ഇരിങ്ങൾ ക്രാഫ്റ്റ് വില്ലേജിന്റെ വികസന സാധ്യതകൾ ചർച്ച ചെയ്യുന്നതിന് ഈ സർക്കാരിന്റെ കാലയളവിൽ വകുപ്പുമന്ത്രിയും ഉന്നതതല ഉദ്യോഗസ്ഥരും പങ്കെടുത്ത എത്ര യോഗങ്ങൾ ചേർന്നു എന്നത് വിശദമാക്കാമോ ;

(ഡി) ഈ യോഗങ്ങൾ ഓരോന്നിന്റെയും മിനിട്ട്സും തീരുമാനം വ്യക്തമാക്കുന്ന രേഖകളുടെ പകർപ്പും ലഭ്യമാക്കാമോ ;

(ഇ) മ്യൂസിക്കൽ ഫൗണ്ടൻ പദ്ധതി നടപ്പിലാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) പരിശോധിച്ചുവരുന്നു.

(സി) ഒന്ന്.

(ഡി) മിനിട്സ് ചേർത്തിരിക്കുന്നു.*

(ഇ) പരിശോധിച്ചുവരുന്നു.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly